പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1431 — 22.3.2013-ൽ മറുപടിക്ക്

മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനു
കളിലെയും ഖരമാലിന്യസംസ്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>,, റ്റി. യു. കുരുവിള | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഖരമാലിന്യം നഗരസഭകളിൽ സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ കൂടിയാണ് സംസ്കരിക്കപ്പെടുന്നത്. ഇതിൽ പ്രധാനമായും കമ്പോസ്റ്റിംഗ് രീതിയിലുള്ള സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംസ്കരണ രീതിയാണ് അനുവർത്തിച്ച് വരുന്നത്. |
| ബി) അടുത്ത സാമ്പത്തികവർഷത്തിൽ എല്ലാ നഗരകേന്ദ്രങ്ങളിലും ആധുനികരീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനം നിർബ്ബന്ധമായും ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | ബി) | എല്ലാ നഗരസഭകളിലും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് അതാത് നഗരസഭകളാണ്. എന്നാൽ പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായിട്ടുള്ള പ്രധാന നഗരസഭകളിൽ നവീന രീതിയിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുവാൻ കഴിയുന്നത് (തിരുവനന്തപുരത്ത് ചാല, കോട്ടയത്ത് വടവാതൂർ, എറണാകുളത്ത് ബ്രഹ്മപുരം , തൃശ്ശൂരിൽ ലാലൂർ, കോഴിക്കോട്ട് ഞെളിയൻപറമ്പ്, കണ്ണൂരിൽ ചെലോറ എന്നിവിടങ്ങളിൽ) സ്ഥാപിക്കാനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ എടുക്കുകയും ആയത് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി പി പി) അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ